# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 11 — 18.03.13-ലെ മറുപടിയ്ക്ക്

## കെട്ടിക്കിടക്കുന്ന ഫയലുകളുടെ അവലോകനം

ചോദ്യം
ശ്രീ. ജി. സുധാകരൻ
ശ്രീ. സാജു പോൾ
ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. കെ കെ. നാരായണൻ

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ). | സർക്കാർ ആഫീസുകളിൽ ഫയലുകളിൽ സമയബന്ധിതമായി തീരുമാനം ഉണ്ടാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ; | (എ) | ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം (ഡി.ഡി.എഫ്.എസ്), ഇ-ആഫീസ് തുടങ്ങിയ രീതികളിലുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് ഫയലുകളും അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. കൂടാതെ, സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനും സമയ പരിധി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | സർക്കാരിൽ കെട്ടിക്കിടപ്പുള്ള ഫയലുകളുടെ കാര്യം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ എന്ന് ഏത് തലത്തിൽ എന്ന് വ്യക്തമാക്കാമോ ; | (ബി) | എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ അവലോകനം ചെയ്ത് സമാഹൃത റിപ്പോർട്ടുകൾ തയ്യാറാക്കുകയും പഴക്കം ചെന്ന ഫയലുകൾ അടിയന്തിരമായി തീർപ്പാക്കാൻ പ്രസ്തുത റിപ്പോർട്ടുകളിലൂടെ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകി വരികയും ചെയ്യുന്നുണ്ട്. ഇപ്രകാരം 2012 ജൂൺ മാസം വരെയുള്ള അവലോകന സമാഹൃത റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. 2013 ജനുവരി മാസം വരെയുള്ള പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ വകുപ്പ് തലത്തിൽ അവലോകനം ചെയ്ത് വരുന്നു. എന്നാൽ എല്ലാ വകുപ്പുകളും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പ്രതിമാസ റിപ്പോർട്ടുകൾ നൽകാത്ത സാഹചര്യം നില നിൽക്കുന്നതു മൂലം അവലോകന സമാഹൃത റിപ്പോർട്ടുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിൽ കാലവിളംബം നേരിടുന്നുണ്ട്.. ഈ സാഹചര്യത്തിൽ സമാഹൃത അവലോകന റിപ്പോർട്ട് സമയബന്ധിതമായി തയ്യാറാക്കി പരിശോധിക്കുന്നതിനായി എല്ലാ മാസവും 5-ാം തീയതിക്കുള്ളിൽ പ്രതിമാസ പ്രവർത്തന പത്രികകൾ ഇ-മെയിൽ മുഖേന ലഭ്യമാക്കണമെന്ന് എല്ലാ സർക്കാർ വകുപ്പുകൾക്കും സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സെക്രട്ടേറിയറ്റിൽ കെട്ടിക്കിടപ്പുള്ള ഫയലുകളുടെ വകുപ്പടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാണോ ; ഒരു മാസത്തിലധികമായി പെന്റിംഗിൽ കിടക്കുന്ന ഫയലുകൾ എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിവരം ലഭ്യമാക്കാമോ ; | (സി)<br>(ഡി)<br>&<br>(ഇ) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | മന്ത്രിമാരുടെ പരിഗണനയ്ക്ക് വന്ന ഫയലുകളിൽ തീർപ്പാക്കാൻ ബാക്കി നിൽപ്പുള്ളവ എത്ര വീതമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | | |
| (ഇ) | എത്ര മന്ത്രിസഭാ തീരുമാനങ്ങൾ ഉത്തരവിലൂടെ പുറത്തിറങ്ങാൻ ബാക്കി നിൽപ്പുണ്ടെന്ന് വെളിപ്പെടുത്താമോ ? | | |

സെക്ഷൻ ആഫീസർ